കുടുംബജീവിതം നയിക്കുന്നവർ തിരിച്ചറിയട്ടെ. പരസ്പരം വിശ്വസ്ത തപുലർത്തി ജീവിക്കുവാനും അനുകൂലപ്രതികൂല സാഹചര്യങ്ങളിൽ തങ്ങളുടെ വിശ്വാസവും ആശ്രയവവും അങ്ങിൽ അർപ്പിച്ചുകൊണ്ട് മക്കൾക്ക് മാതൃകയായി ജീവിക്കുവാനും എല്ലാ മാതാപിതാക്കളെയും അനുഗ്രഹിക്കണമെയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു.

**5. യുവജനങ്ങൾ**

സ്നേഹത്തിന്റെ ഉറവിടമായ ദൈവമേ, വൃദ്ധരേയും രോഗികളെയും അവശതയനുഭവിക്കുന്നവരേയും യുവജനങ്ങളെയും ശിശുക്കളെയും അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. ദൈവഹിതത്തിനനുസരിച്ച് ജീവിക്കുവാൻ അവരെ അനുഗ്രഹിക്കണമേ. എല്ലാവിധ തിന്മകളിൽ നിന്നും അപകടങ്ങളിൽനിന്നും അവരെ കാത്ത് കൊള്ളണമേയെന്നും സമൂഹ നന്മ ലക്ഷ്യമാക്കി ജീവിക്കുവാൻ അവരെ പ്രാപ്തരാക്കണമേ എന്നും അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു.

*Jeeva Jyothi Offset Press, Tvm. Ph:0471-2311620*

No. 010/2016/PL Dated:26.09.2016 Latin Archdiocese of Trivandrum, Vellayambalam

# മിഷൻ ഞായർ – 2016

ദൈവത്തിനു സ്തുതി!
ദൈവജനത്തിന് സമാധാനം!

***ബഹുമാനപ്പെട്ട വൈദികരേ, പ്രിയമക്കളേ,***

1. ഒക്ടോബർമാസം ആരംഭിക്കുന്നത് നമ്മുടെ അതിരൂപതാ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളോടുകൂടിയാണ്. തുടർന്നു വരുന്ന രണ്ടാം തീയതിയാണ് നാം അതിരൂപതാ ദിനമായി ആചരിച്ചുവരുന്നത്. ജൂബിലി പോലുള്ള ചില പ്രത്യേക അവസരങ്ങളിലല്ലാതെ സാധാരണ ഗതിയിൽ ഇടവകകളെ കേന്ദ്രീകരിച്ച് ലളിതമായ രീതിയിലാണ് നാം ഇത് ആചരിക്കുന്നത്. ഏറ്റവും പ്രധാനമായി അതിരൂപതയുടെ വിശുദ്ധീകരണത്തിനായി നാം പ്രാർഥിക്കുകയും ആത്മാർത്ഥമായ സഹകരണത്തിലൂടെ സഭയുടെ സമഗ്രമായ വളർച്ചയ്ക്കായി നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യേണ്ട ഒരു ദിവസമാണിത്. ഇന്നത്തെ ദിവ്യബലി ഈ ഉദ്ദേശത്തോടുകൂടി അർപ്പിച്ചുകൊണ്ട് ഇടവകയുടെയും അതിരൂപതയുടെയും നിയോഗങ്ങൾക്കായി നാം പ്രാർഥിക്കണം. അതിരൂപതയ്ക്കുവേണ്ടിയുള്ള പ്രാർഥന ദിനംപ്രതി എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ചൊല്ലണമെന്ന് ഓർമ്മിപ്പിക്കുന്നു.

2. ജപമാല രാജ്ഞിയോട് സവിശേഷമായ ഭക്തി വച്ചു പുലർത്തുന്നവരാണല്ലോ നാം. ഒക്ടോബർ മാസം ജപമാല ഭക്തി ഒന്നുകൂടി ആഴമാക്കാനും പ്രചരിപ്പിക്കുവാനുമുള്ള മാസമാണ്. സന്ധ്യാപ്രാർഥന ഓരോ കുടുംബങ്ങളിലും ചൊല്ലുന്ന ശീലം ഇടവകയിലാകമാനം വളർത്തിയെടുക്കുവാൻ മാതാവിന്റെ ഭക്തസംഘടനകൾ പ്രത്യേകം ശ്രദ്ധിക്കണം. ഒക്ടോബർ മാസം അവസാനം മരിയ സഖ്യത്തിന്റെ

ആഭിമുഖ്യത്തിൽ നടത്തിവരുന്ന ജപമാലറാലി പരിശുദ്ധ അമ്മ യോടുള്ള ബഹുമാനം പ്രദർശിപ്പിക്കാനും നമ്മുടെ വിശ്വാസത്തിന് പരസ്യമായ സാക്ഷ്യം വഹിക്കുവാനും നമുക്ക് ലഭിക്കുന്ന നല്ല അവസര മാണ്. സാധിക്കുന്ന എല്ലാവരും ഇതിൽ ഭക്തിപൂർവ്വം സംബന്ധിക്കണ മെന്ന് താല്പര്യപ്പെടുന്നു.

3. ഒക്ടോബർ മാസത്തിന്റെ മറ്റൊരു പ്രത്യേകത മിഷൻ ഞായർ ആചരണമാണ്. ഈ മാസം മൂന്നാം ഞായറാഴ്ച സാർവ്വത്രിക സഭയോ ടൊപ്പം നാം മിഷൻ ഞായറായി ആചരിക്കുകയാണ്. എത്രമാത്രം താല്പര്യത്തോടുകൂടിയാണ് നാം യേശുവിന്റെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നതെന്ന് ആത്മപരിശോധനചെയ്തുനോക്കാനുള്ള ഒരു അവസരമാണിത്. ഇതോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ യുടെ മിഷൻഞായർ സന്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഉചിതമാണെന്നു കരുതുന്നു.

- കരുണയുടെ ഈ വർഷത്തിൽ എപ്പോഴും എവിടെയും സുവിശേഷത്തിന് സാക്ഷ്യംവഹിക്കാനുള്ള സഭാംഗങ്ങളുടെ ദൗത്യത്തെ ഏറ്റവും വലിയ കാരുണ്യപ്രവൃത്തിയായിട്ടാണ് മാർപാപ്പാ കാണുന്നത്. എല്ലാ മനുഷ്യരെയും ദൈവസ്നേഹത്തിന്റെയും കരുതലിന്റെയും സുവിശേഷം അറിയിക്കുവാനായി ഓരോരുത്തരും തങ്ങളുടെ ബുദ്ധിയും ശക്തിയും കഴിവുകളും സമയവും വിഭവങ്ങളും ഉദാരതയോടെ സമർപ്പിക്കുന്ന കാരുണ്യ പ്രവൃത്തിയാണിത്. നമ്മുടെ ജീവിതം കരുണയുടെ ഒരു സുവിശേഷ പ്രഘോഷണമായിരിക്കണം.

- യേശുവിലൂടെ ദൈവത്തെ ഇനിയും അറിയാത്തവരാണ് ഏറ്റവും കൂടുതൽ കാരുണ്യം അർഹിക്കുന്നത്. അവരോടൊപ്പം ദരിദ്രരും പീഡിതരും പാർശ്വവല്ക്കരിക്കപ്പെടുന്നവരും ഉൾപ്പെടുന്ന എല്ലാ ദുർബല വിഭാഗങ്ങളോടും ഒരു അമ്മ മക്കളോടെന്നപോലെ കരുണ യുടെ സുവിശേഷമറിയിക്കാൻ നമുക്കു കഴിയണം.

- പാപികളെ തള്ളിക്കളയുകയും അവരുടെ നാശം ആഗ്രഹി ക്കുകയും ചെയ്യുന്ന സ്വയം നീതിമാന്മാരായി കരുതുന്നവരുടെ ഒരു സമൂഹത്തെയല്ല, പാപം ചെയ്യാത്തവൻ ആദ്യം കല്ലെറിയട്ടെ എന്ന യേശുവിന്റെ മനോഭാവം നിറഞ്ഞു നില്ക്കുന്ന കരുണയുടെ സമൂ ഹത്തെ വാർത്തെടുക്കുന്നതായിരിക്കണം സുവിശേഷ പ്രഘോഷണ



## വിശ്വാസികളുടെ പ്രാർഥന

**1. സഭാനേതൃത്വത്തിനുവേണ്ടി**

സ്നേഹപിതാവേ, അങ്ങയുടെ പ്രിയപുത്രനെ പിൻതുടരുവാനും അങ്ങയുടെ സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും അങ്ങ് തിരഞ്ഞെ ടുത്ത ഫ്രാൻസിസ് പാപ്പയെയും എല്ലാ മെത്രാന്മാരെയും പ്രത്യേകിച്ച് ഞങ്ങളുടെ അതിരൂപതയ്ക്ക് വേണ്ടി അക്ഷീണം പ്രയത്നിക്കുന്ന സൂസ പാക്യം പിതാവിനെയും സഹായമെത്രാൻ ക്രിസ്തുദാസ് പിതാവി നെയും എല്ലാ പുരേഹിത സന്യസ്തരേയും അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. അവരെ ജീവന്റെ ഉറവകളാക്കി മാറ്റി ലോകത്തെ നവീ കരിക്കുവാനുള്ള കൃപാവരം നല്കി അനുഗ്രഹിക്കണമേയെന്ന് അങ്ങ യോട് ഞങ്ങൾ പ്രാർഥിക്കുന്നു.

**2. ലോകരാഷ്ട്രങ്ങൾക്കുവേണ്ടി**

സ്നേഹനിധിയായ ദൈവമേ, ലോകരാഷ്ട്രങ്ങളെയും എല്ലാ ഭരണാധികാരികളെയും അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. രാഷ്ട്ര ങ്ങളും രാഷ്ട്രനേതാക്കളും പരസ്പരസ്നേഹത്തിൽ വളരുവാനും ജന ന്മയ്ക്ക് ഉപകരിക്കത്തക്കവിധം പ്രവർത്തിക്കുവാനുമുള്ള അനുഗ്രഹം ഏകണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു.

**3. അതിരൂപതയ്ക്കുവേണ്ടി**

സ്നേഹപിതാവേ, ഞങ്ങളുടെ അതിരൂപതയെയും അതിലെ എല്ലാ സംവിധാനകളെയും കർമ്മ പരിപാടികളെയും അങ്ങ് ആശീർവ ദിക്കണമേ. അതിരൂപതയുടെ സമഗ്രവളർച്ചയ്ക്കായി രൂപപ്പെടുത്തുന്ന എല്ലാ പദ്ധതികളും നവീകരണപ്രവർത്തനങ്ങളും പ്രായോഗികതലത്തി ലാക്കാൻ വേണ്ട ശക്തി ഇടവക-ഫെറോന-രൂപത ശുശ്രൂഷ നേതൃ ത്വങ്ങൾക്ക് നല്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു.

**4. കുടുംബജീവിതം നയിക്കുന്നവർക്കുവേണ്ടി**

ദൈവമേ, അങ്ങയുടെ സ്നേഹവും കാരുണ്യവും എല്ലാ കുടും ബങ്ങളിലും നിറയ്ക്കണമേ. ഭൂമിയിലെ ഏറ്റവും സുന്ദരമായ ദൈവീക സംവിധാനമാണ് കുടുംബമെന്നും ശ്രേഷ്ടമായ കുടുംബങ്ങളിൽ നിന്നാണ് മഹത്വമുള്ള മനുഷ്യജീവിതങ്ങൾ ഉടലെടുക്കുന്നതെന്നും

5. മിഷൻ ഞായറിനോടനുബന്ധിച്ച് 2017 ഒക്ടോബർ മാസം വല്ലാർപാടത്തുവച്ച് കേരള ലത്തീൻ സഭയുടെ ആഭിമുഖ്യത്തിൽ നടക്കുവാൻ പോകുന്ന മിഷൻ കോൺഗ്രസ്സിനെക്കുറിച്ചും, ബി.സി.സി. കൺവെൻഷനെക്കുറിച്ചും കേരള ലത്തീൻ സഭാമേലദ്ധ്യക്ഷന്മാർ എല്ലാവരും കൂടി പുറപ്പെടുവിക്കുന്ന ഒരു സംയുക്ത ഇടയലേഖനം ഇതോടൊപ്പമയക്കുന്നു. ഈ ഒക്ടോബർ മാസംതന്നെ സൗകര്യപ്രദമായ ഒരു ഞായറാഴ്ച വികാരിയച്ചന്മാർ ഈ സംയുക്ത ഇടയലേഖനം വായിച്ച് വിശദീകരിക്കുന്നതായിരിക്കും. മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും വിജയത്തിനായി എല്ലാവരുടെയും പ്രാർഥനയും ആത്മാർത്ഥമായ സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം — † സൂസപാക്യം എം.

26.09.2016 — തിരുവനന്തപുരം മെത്രാപ്പോലീത്ത

***NB: ഈ ഇടയലേഖനം 2016 ഒക്ടോബർ മാസം 2-ാം തിയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.***

*P.S:* .......................................... ഇടവക/കോൺവെന്റ്/സ്ഥാപനത്തിൽ നിന്നും കഴിഞ്ഞകൊല്ലം (2015) മൊത്തത്തിൽ .......................... രൂപയും ആളോഹരി ഇനത്തിൽ ........................ രൂപയും സംഭാവനയായി ലഭിക്കുകയുണ്ടായി.



ത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയുമെല്ലാം ലക്ഷ്യം. മറ്റുള്ളവരുടെ നേരെ വിരൽ ചൂണ്ടാതെ മാറത്തടിച്ചുകൊണ്ട് സ്വയം പാപിയാണെന്ന് ഏറ്റുപറയുന്ന കരുണയുടെ മനോഭാവം നമുക്കുണ്ടാവണം.

- നമ്മുടെ സമൂഹങ്ങളിൽ പുരുഷന്മാർക്കൊപ്പം സ്ത്രീജനങ്ങൾ, പ്രത്യേകിച്ചും സന്യാസിനികൾ ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയായ കാരുണ്യപ്രവൃത്തികൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നവയാണ്. വ്യവസ്ഥിതികളിലെന്നതിനെക്കാൾ ജനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവൻ സംരക്ഷിക്കുകയും ദൈവത്തിന്റെ മാതൃസ്നേഹവും സമാധാനവും സന്തോഷവും സാഹോദര്യവും പങ്കുവയ്ക്കുകയും ചെയ്യുന്ന ഇവരുടെ കാരുണ്യപ്രവൃത്തികളാണ് സുവിശേഷ ദൗത്യത്തെ ഒന്നുകൂടി തിളക്കമുള്ളതാക്കിത്തീർക്കുന്നത്.

- സുവിശേഷപ്രഘോഷണത്തിലൂടെ മതപരിവർത്തനമാണ് നാം പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത് എന്ന തെറ്റിദ്ധാരണ പരക്കെയുണ്ട്. ഈ പശ്ചാത്തലത്തിൽ വിശ്വാസം ദൈവത്തിന്റെ അമൂല്യദാനമാണെന്നും യേശുവിലൂടെ നമുക്കെല്ലാം ലഭിച്ച അവകാശമാണെന്നും എല്ലാവരെയും ബോദ്ധ്യപ്പെടുത്താൻ നമുക്കാവണം. ആദരപൂർവ്വകമായ സംവാദത്തിലൂടെയും, സ്നേഹവും കരുണയും നിറഞ്ഞ പെരുമാറ്റരീതികളിലൂടെയും ഓരോ സംസ്കാരത്തേയും യേശുവിലുള്ള വിശ്വാസവുമായി ഇഴചേർക്കുവാൻ നമുക്ക് സാധിക്കണം.

- ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന അനീതിയുടെയും അക്രമത്തിന്റെയും ഭീകരപ്രവർത്തനങ്ങളുടെയും ഇന്നത്തെ സാഹചര്യങ്ങളെ, നീതിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ചൈതന്യം കൊണ്ടു വിശുദ്ധീകരിക്കാൻ സാധിക്കണമെങ്കിൽ, എന്തു വില കൊടുത്തും ത്യാഗപൂർവ്വം കരുണയുടെ സുവിശേഷം പ്രഘോഷിക്കാൻ നാം മുന്നോട്ടുവന്നേ മതിയാവൂ.

- മിഷൻ ഞായർ ആചരണത്തിന്റെ 90-ാം വാർഷികമായ ഇക്കൊല്ലവും സുവിശേഷ പ്രഘോഷണത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി ഉദാരമായ സംഭാവനകൾ നല്കണമെന്ന് മാർപാപ്പാ ആഹ്വാനം ചെയ്യുന്നുണ്ട്. പരിമിതികൾ ധാരാളമുണ്ടെങ്കിലും കേരള ലത്തീൻ സഭയ്ക്ക് ഇക്കാര്യത്തിൽ അഭിമാനിക്കാം. പരിശുദ്ധ പിതാവിന്റെ വിവിധ കാരുണ്യ പ്രവൃത്തികൾക്കായി കഴിഞ്ഞകൊല്ലം

സാമാന്യം വലിയൊരു തുക നിങ്ങളിൽനിന്നും സമാഹരിച്ച് അയച്ചു കൊടുക്കാൻ സാധിച്ചു.

4. പ്രാർഥനയിലൂടെയും പരിത്യാഗത്തിലൂടെയും സാദ്ധ്യമായ സഹായസഹകരണങ്ങളിലൂടെയുമാണല്ലോ സാർവ്വത്രിക സഭയുടെയും പ്രാദേശിക സഭയുടെയും പ്രവർത്തനങ്ങളിൽ നാമും പങ്കുചേരുന്നത്. വർഷംതോറും സാമ്പത്തിക സഹായം നല്കാൻ നാം കടപ്പെട്ട ധാരാളം ശുശ്രൂഷകളുണ്ട്. എന്നാൽ സാധാരണ ഗതിയിൽ ദുഃഖവെള്ളിയാഴ്ചയും മിഷൻ ഞായറിനോടനുബന്ധിച്ചും മാത്രം സംഭാവനകൾ ശേഖരിച്ച് വിവിധ ആവശ്യങ്ങൾക്കായി വീതിച്ചുകൊടുക്കുന്ന പതിവാണ് നമുക്കുള്ളത്. കഴിഞ്ഞകൊല്ലം (2015) പിരിഞ്ഞു കിട്ടിയ മൊത്തം തുകയും, അവയുടെ വരവുചിലവു കണക്കുകളുടെ സംക്ഷിപ്ത രൂപവും നിങ്ങളുടെ അറിവിലേക്കായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞകൊല്ലം മൊത്തത്തിൽ സമാഹരിക്കാൻ സാധിച്ചത് ഒരു കോടി ആറു ലക്ഷത്തി അറുപത്തി എണ്ണായിരത്തി മുന്നൂറ്റി പതിനാലു (1,06,68,314/-) രൂപയാണ്. മുൻ വർഷത്തെക്കാൾ പതിനൊന്നു ലക്ഷത്തി അറുപത്തിയേഴായിരത്തി എണ്ണൂറ്റി അൻപതു (11, 67,850/-) രൂപ കൂടുതൽ ലഭിക്കുകയുണ്ടായി. കഴിഞ്ഞകൊല്ലത്തെ പോലെതന്നെ ആളോഹരി ഇനത്തിൽ ഇരുന്നൂറു രൂപയിലധികം നല്കിയ സി.ആർ.പി. ക്യാമ്പ് (358/-) പോത്തൻകോട് (282/-) മംഗലപുരം (197/-) ചേങ്കോട്ടുകോണം (142/-) തുടങ്ങിയ ചെറിയ ഇടവകകളുള്ളപ്പോൾ ആളോഹരി ഇരുപത്തഞ്ചു രൂപപോലും നല്കാത്ത വലിയ ഇടവകകൾ പലതുമുണ്ട്. സന്മനസ്സിന്റെ അഭാവം കൊണ്ടായിരിക്കുകയില്ല, അശ്രദ്ധകൊണ്ടായിരിക്കണം ഇങ്ങനെ സംഭവിച്ചത്. പരിഹാരമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഒന്നിനൊന്നു കുറഞ്ഞുവരുന്നു. ലളിതമായ ജീവിത ശൈലിയിലൂടെയും ഉപവാസത്തിലൂടെയും വൈദികരും സന്യസ്തരും സമാഹരിച്ച് സംഭാവന ചെയ്യുന്ന ശൈലി ജനങ്ങൾക്ക് നല്ലൊരു മാതൃകയായിരിക്കും. സഭാശുശ്രൂഷകളുടെ സുഗമമായ നടത്തിപ്പിനായി ആവുന്നത്ര സംഭാവനകൾ ഉദാരമനോഭാവത്തോടെ നല്കുന്ന പതിവ് ഇക്കൊല്ലവും തുടരണമെന്ന് അഭ്യർത്ഥിക്കുന്നു



| ***മൊത്തത്തിൽ കൂടുതൽ സംഭാവന നല്കിയ ഇടവകകൾ*** | | | ***ആളോഹരി ക്രമത്തിൽ കൂടുതൽ സംഭാവനകൾ നല്കിയ ഇടവക*** | |
|---|---|---|---|---|
| 1. പാളയം | - | 10,00000/- | 1. കഴക്കൂട്ടം, സെന്റ് ജോസഫ് | - 260.08/ |
| 2. പുത്തൻതോപ്പ് | - | 5,19,800/- | 2. മണക്കാട് | - 255.01/ |
| 3. വിഴിഞ്ഞം | - | 4,60,000/- | 3. പാളയം | - 225.07/ |
| 4. വെട്ടുകാട് | - | 4,04,350/- | 4. ശ്രീകാര്യം (പാങ്ങപ്പാറ) | - 209.68/ |
| 5. പൂന്തുറ | - | 3,70,947/- | 5. വികാസ് നഗർ | - 197.27/ |
| 6. പേട്ട | - | 3,60,000/- | 6. കുമാരപുരം | - 177.25/ |
| 7. മരിയനാട് | - | 3,58,865/- | 7. കിള്ളിപ്പാലം | - 163.20/ |
| 8. പുതിയതുറ | - | 3,36,740/- | 8. പുത്തൻതോപ്പ് | - 158.48/ |
| 9. പുല്ലുവിള | - | 3,17,383/- | 9. പേട്ട | - 155.24/ |
| 10. കണ്ണാന്തുറ | - | 2,61,743/- | 10. വെള്ളയമ്പലം | - 136.39/ |

സ്ഥാപനങ്ങളുടെ കൂട്ടത്തിൽ പൂന്തുറ സെന്റ് ഫിലോമിനാസ് സ്കൂൾ 1,52,003/- രൂപയും സി.സി.ആർ.ജനറലേറ്റ് 1,00000/- രൂപയും ലൂർദ്ദുപുരം സെന്റ് ഹെലൻസ് സ്കൂൾ 64,000/- രൂപയും സംഭാവന നല്കുകയുണ്ടായി.

ഇപ്രകാരം കഴിഞ്ഞകൊല്ലം ശേഖരിച്ച തുകയിൽ 63 $^{1}/_{2}$ ലക്ഷം രൂപ റോമിലെ വിവിധ തിരുസംഘങ്ങൾക്ക് അയച്ചുകൊടുത്തു. 8 ലക്ഷത്തോളം രൂപ ഭാരതത്തിലെയും കേരളത്തിലെയും വിവിധ മെത്രാൻ സമിതികളുടെ ശുശ്രൂഷകൾക്കായി നല്കി. ബാക്കിയുള്ള 24 ലക്ഷത്തോളം രൂപ നമ്മുടെ അതിരൂപതയിലെ മിഷൻ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമായി വിനിയോഗിച്ചുവരുന്നു.

താത്പര്യപൂർവ്വം സഹകരിക്കുകയും ഉദാരമായ സംഭാവനകൾ നല്കുകയും ചെയ്ത എല്ലാവരെയും അഭിനന്ദിക്കുകയും ദൈവം അവർക്ക് അർഹമായ പ്രതിഫലം നല്കട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.